**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4345** **06-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് മാസ്റ്റർപ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് തയ്യാറാക്കിയ മാസ്റ്റർപ്ലാനിന്റെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി വിശദമായി വിലയിരുത്തിയപ്പോൾ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് സാങ്കേതികരംഗത്തും വിപണന മേഖലയിലും കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടു കൂടുതൽ വിപണന സാധ്യതയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കുറഞ്ഞ ചെലവിൽ ഉല്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ സ്വായത്തമാക്കി വൈവിധ്യവൽക്കരണമടിസ്ഥാനമാക്കി നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുകയുണ്ടായി.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ട് രൂപകൽപ്പന ചെയ്ത മാസ്റ്റർ പ്ലാൻ പദ്ധതികൾ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നു. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും ആഗോള വിപണന സാധ്യതകൾ ഉള്ള നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളുമാണ് കമ്പനികൾ ആവിഷ്കരിച്ചിരിക്കുന്നത്. ഹ്രസ്വം, ഇടത്തരം, ദീർഘകാലം എന്നീ മൂന്ന് ഘട്ടങ്ങളിലായി 405 പദ്ധതികൾ 41 പൊതുമേഖലാ സ്ഥാപനങ്ങളിലായി അടുത്ത പത്തു വർഷത്തിനുള്ളിൽ നടപ്പിലാക്കുവാൻ മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നു.<br><br>മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ദ്ധ സഹായം ഉറപ്പ വരുത്തുന്നതിനും വ്യവസായ മേഖലയിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് റിയാബിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോർഡിനേഷൻ ചുമതലയും നിർവഹിക്കുന്നതിനായി ഉയർന്ന തലത്തിൽ പ്രാഗല്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ദ്ധനെ അഡ്വൈസർ (മാസ്റ്റർ പ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ധനസമാഹരണം ഏത് രീതിയിലാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വാശ്രയത്തിലൂന്നിയുള്ള നിലനിൽപ്പിനും അതോടൊപ്പം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ മൂലധന സ്വരൂപണത്തിനും കഴിയുന്ന തരത്തിൽ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടി മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിതര ധനസഹായം പൊതുമേഖല ബാങ്കുകൾ വഴിയോ മറ്റു ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കേരളത്തിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖല ബാങ്കുകളുടെയും, ഷെഡ്യൂൾഡ് ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും ഉയർന്ന ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു യോഗം ചേരുകയും തുടർന്ന് 9 ബാങ്കുകൾ ഉൾപ്പെടുന്ന ഒരു വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി റിയാബിന്റെ നേതൃത്വത്തിൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | പ്രസ്തുത മാസ്റ്റർപ്ലാനിന്റെ വിശദമായ പദ്ധതികൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ആസൂത്രണ പദ്ധതികൾ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിരൂപരേഖകളുടെയും ആക്ഷൻ പ്ലാനിന്റെയും അടിസ്ഥാനത്തിൽ ആണ് നടപ്പിലാക്കുക. ഓരോ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് [Detailed Project Report - DPR] വിലയിരുത്തിയതിനു ശേഷം സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വികസന പദ്ധതികൾ സർക്കാർ ധനസഹായത്തോടെയും അല്ലാതെയും ആണ് നടപ്പിലാക്കിവരുന്നത്. നടപ്പ് സാമ്പത്തിക വർഷം (2022-23) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള |

| | | | |
|---|---|---|---|
| | | | പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 262.01 കോടി രൂപ സർക്കാർ വാർഷിക ആസൂത്രണ പദ്ധതിയിൽ വകയിരുത്തി ഘട്ടം ഘട്ടമായി റിലീസ് ചെയ്തു നൽകി വരുന്നു. മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിതര ധനസഹായം പൊതുമേഖല ബാങ്കുകൾ വഴിയോ മറ്റു ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്.<br><br>വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, വിവിധ ഡയറക്ടറേറ്റുകൾ, മറ്റ് വികസന ഏജൻസികൾ എന്നിവ മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പുരോഗതി തൽസമയം നിരീക്ഷിക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഒരു ഓൺലൈൻ വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഇത് വിവിധ തലത്തിൽ നിശ്ചിത ഇടവേളകളിൽ അവലോകനത്തിന് വിധേയമാക്കുകയും ഉന്നത തലത്തിൽ ആവശ്യമായ മാർഗ്ഗ നിർദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ